# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1827 10/03/2020-ൽ മറുപടിക്ക്

### തിരുവനന്തപുരം ജില്ലയിൽ ഹൃദ്യം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം ആശുപത്രികളിലാണ് ഹൃദ്യം പദ്ധതി പ്രകാരമുള്ള ചികിത്സ ആനുകൂല്യങ്ങൾ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സർക്കാർ ആശുപത്രികളായ ശ്രീ ചിത്ര ആശുപത്രി, ശ്രീ അവിട്ടം തിരുനാൾ ആശുപത്രി (SAT ) എന്നിവ വഴി ഹൃദ്യം പദ്ധതി പ്രകാരമുള്ള ചികിത്സ ആനുകൂല്യങ്ങൾ ലഭ്യമാണ്. |
| ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; | ബി) ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന ജനനം മുതൽ 18 വയസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും ഹൃദ്യം പദ്ധതി വഴി സേവനം ലഭ്യമാണ്. ഇത്തരത്തിൽ ചികിത്സ സേവനങ്ങൾ ലഭിക്കണമെങ്കിൽ ഹൃദ്യം സൈറ്റിൽ രജിസ്റ്റർ ചെയ്ത് അതാത് ഡിസ്ട്രിക്ട് ഏർലി ഇന്റെർവെൻഷൻ സെന്ററിന്റെ ഇടപെടൽ വഴി മാത്രമേ ചികിത്സ സേവനങ്ങൾ ലഭ്യമാകുകയുള്ളൂ. പദ്ധതിയിൽ രജിസ്റ്റർ ചെയ്യാതെ നേരിട്ട് ആശുപത്രികളെ സമീപിക്കുന്നവർക്ക് പദ്ധതിയുടെ ഗുണഫലം ലഭ്യമാകണമെന്നില്ല. പദ്ധതി APL /BPL ഭേദമെന്യേ എല്ലാ കേരളീയരായ 18 വയസ്സ വരെയുള്ള കുട്ടികൾക്കും ലഭ്യമാണ്. |
| സി) ഈ പദ്ധതി കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) ഈ പദ്ധതിയിലൂടെയുള്ള സേവനങ്ങൾ കൂടുതൽ ആശുപത്രിയിലേക്ക് വ്യാപിപ്പിക്കുന്നതിനു സാങ്കേതികമായ പ്രശ്നങ്ങൾ ഉണ്ട്. ഇതിനാവശ്യമായ സൗകര്യങ്ങൾ നിലവിൽ ലഭ്യമല്ല. നിലവിലെ ആവശ്യങ്ങൾ അനുസരിച്ചുള്ള സേവനം ലഭ്യമായ സൗകര്യം അനുസരിച്ച് നൽകുവാൻ സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ